# Excel സ്നേഹിതൻ

EXCEL PUBLICATIONS

An Excel Publication

VOL. 10 ➤ ISSUE 06 ➤ 2022 JULY ➤ FOR ONLINE CIRCULATION ONLY



നാം- ഇന്നലെ, ഇന്ന്, നാളെ?

ചിറകിന്റെ മറവിൽ

HE WAITED AT MY DOOR

പപ്പായുടെ ദിവസം

Excel സ്നേഹിതൻ
An Excel Publication
EXCEL PUBLICATIONS
VOL. 10 | ISSUE 06 | 2022 JULY | FOR ONLINE CIRCULATION ONLY

*Chairman*
Rev Thampy Mathew

*Director*
Binu Joseph, Vadasserikkara

*Publisher*
Anil P M, Elanthoor

*Chief Editor*
Denny John

*Managing Editors*
Joby K C
Liza Vijayan

*Editors*
Shibu K. John
Blesson P John
Benson N. Varughese
Gladson James
Stanly Abraham
Preethi Binu
Jincy Anil

*State Representatives*
Sumi Mathew, Karnataka
Upendar Rao, Telungana
Pravin Awale, Maharashtra
Kiran Kumar, North India
Vinny P Mathew, Delhi

*International Representatives*
Ribi Kenneth ( UAE)
Ancy Vipin (Kuwait)
Shinu Thomas (Cannada)
Finny (Saudi)
Shajo C. Abraham (Ireland)
Shinu Thomas (USA)
Sumi Mathew (UK)

*Advisory Board*
Pr. Gigi Chacko
Pr.D. Joy
Pr. Aby M. Varghese
Pr. Abraham Malayil
Pr. Thomas M Pulivelil
Mr.George Koshy, Mylapra
Mr.Varkey Abraham Kachanath
Mr. Saji Paul
Mr.Joji B.John
Mr. Sunil Kurian
Mrs.Susamma John

Excel Snehithan
Thekkemala P.O., Kozhencherry,
Pathanamthitta
Ph: 9495834994, 9496325026
Email: excelsnehithan@gmail.com

*Design & Layout:*
*Linta Peter*

# CONTENTS

# ഉള്ളടക്കം

1. എഡിറ്റോറിയൽ
ഡെന്നി ജോൺ........ 03

2. നാം– ഇന്നലെ, ഇന്ന്, നാളെ?
റവ: തമ്പി മാത്യു........ 04

3. പീഢനങ്ങൾ അരങ്ങു തകർക്കുമ്പോൾ
ബിനു ജോസഫ്, വടശ്ശേരിക്കര........ 05

4. ധ്യാനപീഠം: ക്യാപ്റ്റൻ വന്നിരുന്നു
സി. കെ. വിജയൻ........ 06

5. തൊഴിൽ തേടുമ്പോൾ
ഏബ്രഹാം പി. എസ്........ 07

6. ചിറകിന്റെ മറവിൽ
ജോബി കെ. സി........ 08

7. പപ്പായുടെ ദിവസം
ഷിബു കെ ജോൺ........ 09

8. സ്പെഷ്യൽ ഫീച്ചർ– ലഹരി തേടുന്ന കൗമാരം
D J പാലക്കാട് ........ 10

9. ഉറുമ്പിനെ നോക്കി ബുദ്ധി പഠിക്കാം
ജോബി നിലമ്പൂർ........ 11

10. HE WAITED AT MY DOOR
Alice M M Mathew........ 12

11. കിഡ്സ് കോർണർ........ 13

12. എക്സൽ വാർത്തകൾ........ 15

# EDITORIAL





**ഡെന്നി ജോൺ**
ചീഫ് എഡിറ്റർ

അടുത്തിടെ നടന്ന കുട്ടികളുടെ ഒരു റോളർ സ്കേറ്റിംഗ് മത്സരത്തിന്റെ വീഡിയോ വൈറലായിരുന്നു.സ്റ്റാർട്ടിങ് പോയിന്റിൽ തന്നെ കാലിടറി വീണ ഒരു കൊച്ചു മത്സരാർത്ഥി. ഈ സമയം കൂടെയുള്ളവർ മുന്നേറിക്കഴിഞ്ഞിരുന്നു. പക്ഷേ അവൻ പിന്മാറിയില്ല. വീണിടത്ത് നിന്ന് വീണ്ടും ചാടി എഴുന്നേറ്റു.തുടർന്നങ്ങോട്ട് മത്സരം വ്യത്യസ്തത ഉള്ള ഒന്നായി മാറി. കാണികളുടെ ഇടയിൽ നിന്നും ഒരാൾ അവനെ ആവേശത്തോടെ പ്രോത്സാഹിപ്പിക്കുന്നു.'ശിവാ...... കേറി വാടാ......' അത് മറ്റാരുമായിരുന്നില്ല അവന്റെ സ്വന്തം സഹോദരൻ. വീണുപോയ അനിയന്റെ വേദന അവനറിയാമായിരുന്നു. അവൻ ഉച്ചത്തിൽ വിളിച്ചു. മത്സരത്തിന്റെ പാതി പിന്നിട്ടപ്പോഴേക്കും വീണിടത്തുനിന്നും തുടങ്ങിയ അനിയൻ പലരെയും പിന്നിലാക്കി കഴിഞ്ഞിരുന്നു.

മത്സരത്തിന്റെ അവസാന നിമിഷങ്ങളിലേക്ക് എത്തി.അനിയൻ പോരാട്ടം കുറച്ചില്ല ചേട്ടൻ പ്രോത്സാഹനവും. ഒടുവിലായി എല്ലാവരെയും പിന്തള്ളിക്കൊണ്ട് അവൻ സ്വർണം നേടി. ആ വീഡിയോ കണ്ടവരുടെ കണ്ണുകളിൽ നിന്നും അല്പമെങ്കിലും കണ്ണീർ പൊടിഞ്ഞിട്ടുണ്ടാവും. കാരണം അത്രയേറെ പാഠങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു ആ സംഭവം.

വീഴുന്നത് തെറ്റാണെന്ന് പറയാൻ കഴിയില്ല. പക്ഷേ വീണിടത്ത് നിന്നും എഴുന്നേൽക്കാത്തതാണ് തെറ്റ്. ആ കൊച്ചു മിടുക്കന്റെ വിജയത്തിന് ആധാരം ആ എഴുന്നേൽപ്പായിരുന്നു. ഒപ്പം തന്റെ പ്രിയപ്പെട്ടവരുടെ പ്രോത്സാഹനവും. വീണവന് ഒരു കൈത്താങ്ങാകാൻ കഴിയുക എന്നത് ഏറെ പ്രാധാന്യമുള്ള ഒരു കാര്യമാണ്.

ഈയൊരു സമയം പരീക്ഷാഫലങ്ങളുടെ കാലഘട്ടമാണ്. പലർക്കും ഉദ്ദേശിച്ചതുപോലെ റിസൽട്ട് കിട്ടിക്കാണണമെന്നില്ല. എന്നുകരുതി അവർ ജീവിതം പരാജയപ്പെട്ടവരല്ല. അങ്ങനെയുള്ളവരെ കുറ്റപ്പെടുത്തരുത്. എന്ന് മാത്രമല്ല പരാജയത്തിൽ പതറാതെ മുന്നോട്ടു വീണ്ടും കുതിക്കുവാനുള്ള ഊർജ്ജം പകരുകയും വേണം.

പരീക്ഷയിൽ തോറ്റതിന് ആത്മഹത്യ ചെയ്തു എന്നുള്ള വാർത്തകൾ ഇപ്പോൾ സർവ്വസാധാരണമായിക്കൊണ്ടിരിക്കുന്നു. തോൽവി എന്നതിനേക്കാൾ ഉപരി മറ്റുള്ളവർ എന്ത് കരുതും എന്നുള്ള ചിന്തയാണ് പലരെയും കടും കൈ ചെയ്യാൻ പ്രേരിപ്പിക്കുന്നത്. ഒന്നോ രണ്ടോ തോൽവികൾ കൊണ്ട് തീരുന്നതല്ല ജീവിതം എന്ന് തിരിച്ചറിയുക. നിൽക്കുന്നവർക്ക് അറിയില്ല വീണവന്റെ വേദന.പക്ഷേ ഒന്നു ചെയ്യാൻ കഴിയും. വീണു കിടക്കുന്നവന്റെ സ്ഥാനത്ത് സ്വയം ഒന്ന് സങ്കൽപ്പിച്ചു നോക്കുക. അപ്പോൾ ആ വേദന ഉൾക്കൊള്ളുവാനും മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുവാനും നമുക്ക് കഴിയും. സഹജീവികളുടെ വേദന മനസ്സിലാക്കി പരസ്പരം കൈത്താങ്ങാകാൻ കഴിയുമ്പോൾ മാത്രമേ നമ്മുടെ ജീവിതം അർത്ഥപൂർണമാവുകയുള്ളു.

● ● ● ●

Excel സ്നേഹിതൻ
An Excel Publication





റവ: തമ്പി മാത്യു
ചെയർമാൻ, എക്സൽ മിനിസ്ട്രീസ്.

# നാം– ഇന്നലെ, ഇന്ന്, നാളെ?

ഏതൊരു മനുഷ്യന്റെയും ജീവിതത്തിൽ മൂന്ന് തരത്തിലുള്ള കാലഘട്ടങ്ങളാണുള്ളത്. ഭൂതകാലം, വർത്തമാനകാലം, ഭാവികാലം എന്നിവയാണത്. ഒന്ന് വസ്തുനിഷ്ഠമായി പരിശോധിച്ചാൽ ഈ മൂന്നു കാലഘട്ടത്തിനും അതിന്റേതായ പ്രാധാന്യങ്ങളുണ്ട്. ഭൂതകാലം കഴിഞ്ഞു പോയതാണെങ്കിലും നാം എന്തായിരുന്നു എന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നതാണ്. വർത്തമാനകാലം നാമിപ്പോൾ ആയിരിക്കുന്ന അവസ്ഥയാണ്. എന്നാൽ ഭാവികാലം പ്രതീക്ഷകളുടേതാണ്. ഒരു ക്രിസ്തുഭക്തന്റെ ജീവിതത്തിൽ ഇവയുടെ പ്രാധാന്യം എന്താണെന്ന് നോക്കാം.

മുമ്പെ നാമും ബുദ്ധികെട്ടവരും അനുസരണമില്ലാത്തവരും വഴിതെറ്റി നടക്കുന്നവരും നാനാ മോഹങ്ങൾക്കും ഭോഗങ്ങൾക്കും അധീനരും ഈർഷ്യയിലും അസൂയയിലും കാലം കഴിക്കുന്നവരും ദ്വേഷിതരും അന്യോന്യം പകക്കുന്നവരും ആയിരുന്നുവല്ലോ.(തീത്തൊസ് 3:3). നമ്മുടെ മുൻകാലത്തെക്കുറിച്ച് തിരുവചനം നമ്മെ ഓർമിപ്പിക്കുന്നത് ഇതാണ്. എട്ടുതരത്തിലുള്ള കാര്യങ്ങളാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ഒരു മനുഷ്യനും തന്റെ ജീവിതത്തെക്കുറിച്ച് പ്രശംസിക്കുവാൻ വകയില്ലാത്ത കാര്യങ്ങളാണ് ഇവിടെ കാണുന്നത്. ഇതായിരുന്നു ഏതൊരുവന്റെയും ഭൂതകാലം.

എന്നാൽ ഇന്നോ? നമ്മുടെ പഴയകാല അവസ്ഥയ്ക്ക് ദൈവം മാറ്റം വരുത്തിയിരിക്കുന്നു. തീത്തൊസ് 3:4 ൽ കാണുന്നു എന്നാൽ നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ ദയയും മനുഷ്യപ്രീതിയും ഉദിച്ചപ്പോൾ അവൻ നമ്മെ നാം ചെയ്ത വീര്യപ്രവർത്തികളാലല്ല തന്റെ കരുണ പ്രകാരം അത്ര രക്ഷിച്ചത്. യേശുക്രിസ്തു മുഖാന്തരം നമ്മെ നിത്യജീവന്റെ അവകാശികൾ ആക്കി തീർത്തു. ഈ വർത്തമാനകാലത്തിൽ നമ്മുടെ രൂപത്തിനും സ്വഭാവത്തിനും മാറ്റം വന്നിരിക്കുന്നു. നാം പുതിയ സൃഷ്ടിയായി തീർന്നിരിക്കുന്നു. ഈ ഭാഗ്യ പദവി നമുക്ക് ലഭിച്ചത് നമ്മുടെ നീതി പ്രവർത്തികൾ കൊണ്ടല്ല എന്ന് തിരുവചനം ഊന്നി പറയുന്നു.

അതേ നമുക്ക് പ്രശംസിക്കുവാൻ ഒന്നുമില്ല. ഏതു മനുഷ്യനും ഉറച്ചു നിന്നാലും ഒരു ശ്വാസമത്രേ. നമുക്ക് വേണ്ടി രക്ഷിതാവായ ദൈവത്തിന്റെ ദയയും മനുഷ്യപ്രീതിയും ഉദിച്ചതുകൊണ്ടാണ് നാം ദൈവരാജ്യത്തിന് അവകാശികളായി തീർന്നിരിക്കുന്നത് എന്നോർക്കണം. യാതൊരു യോഗ്യതയും ഇല്ലാത്ത സ്ഥാനത്താണ് ദൈവം നമ്മെ തെരഞ്ഞെടുത്തത്.

എന്നാൽ ഇന്ന് അനേകരും അത് മനസ്സിലാക്കാതെ ലോകപ്രകാരം ജീവിക്കുന്നു. സമ്പത്തും അധികാരവും കൈക്കലാക്കുവാൻ പരസ്പരം പോരാടുകയാണ്. ഈ ലോകത്തിലെ നേട്ടങ്ങൾ താൽക്കാലികം ആണെന്നറിയാതെ സർവതും കൈപ്പിടിയിൽ ഒതുക്കാനുള്ള തത്രപ്പാടിലാണ് പലരും. എന്നാൽ ഒരു ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം ആ തിരിച്ചറിവ് ദൈവം നൽകിയിട്ടുണ്ട്. അതിനാലാണ് നാം മുമ്പ് ആരായിരുന്നു എന്ന ബോധ്യം നമുക്ക് ഉണ്ടാകേണ്ടത്. ദൈവം തന്റെ ദിവ്യ സ്നേഹത്താൽ നമ്മെ പൊതിഞ്ഞിരിക്കുകയാണ്. അർഹതയില്ലാത്തിടത്ത് അർഹരാക്കിയിരിക്കുകയാണ്.

നമ്മെ വീണ്ടെടുത്തിരിക്കുന്ന ദൈവത്തിന് നമ്മെക്കുറിച്ച് ഒരു പദ്ധതിയുണ്ട്. തീത്തോസ് 3:1 ൽ വാഴ്ചകൾക്കും അധികാരങ്ങൾക്കും കീഴടങ്ങി അനുസരിക്കുവാനും സകല സൽപ്രവർത്തിക്കും കർത്താവ് നമ്മെ ആക്കി വെച്ചിരിക്കുന്നു എന്നു കാണുന്നു. നാം സൽപ്രവർത്തിയിൽ ശുഷ്കാന്തി ഉള്ളവരായിരിക്കണം. ആരുടെയെങ്കിലും പ്രേരണയാൽ അല്ല നാം ചെയ്യേണ്ടത്. നമ്മിലുള്ള ദൈവസ്നേഹത്തിന്റെ ആഴമായിരിക്കണം സൽപ്രവർത്തികൾ ചെയ്യുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്. കഷ്ടം അനുഭവിക്കുന്നവരോട് ഒപ്പം ചേർന്നിരിക്കുവാനും ദുഃഖിക്കുന്നവരെ ആശ്വസിപ്പിക്കുവാനും നമുക്ക് ഇപ്പോൾ കഴിയണം.

എന്നാൽ നാളെകളിൽ നാം എങ്ങനെയായിരിക്കും? നമുക്ക് ഭാഗ്യകരമായ ഒരു പ്രത്യാശയുണ്ട്. നാം പ്രത്യാശയുടെ തീരത്ത് എത്തിച്ചേരും. ഇക്കാലത്തിലെ കഷ്ടങ്ങളെയും പ്രതിസന്ധികളെയും അതിജീവിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നത് ആ പ്രത്യാശയാണ്. അതിനാൽ നാം ആരായിരുന്നു എന്ന് ഓർമിച്ചുകൊണ്ട് ഇപ്പോൾ നാം ആരായിരിക്കുന്നു എന്ന് തിരിച്ചറിഞ്ഞും കൊണ്ട് ഭാവിയിൽ നാം ആരായിരിക്കും എന്നുള്ള പ്രത്യാശയുടെ ഉറപ്പോടെയും ആയിരിക്കണം നാം ജീവിക്കേണ്ടത്. കർത്താവ് നമുക്ക് വേണ്ടി ഒരുക്കിയിരിക്കുന്ന നിത്യതയ്ക്കായി പ്രത്യാശയോടെ കാത്തുകൊണ്ട് ജീവിക്കുവാൻ നമുക്ക് കഴിയട്ടെ.



ബിനു ജോസഫ്
വടശ്ശേരിക്കര



# പീഢനങ്ങൾ അരങ്ങു തകർക്കുമ്പോൾ

വാർത്താ മാധ്യമങ്ങളിൽ പീഢന കഥകൾ അരങ്ങ് തകർക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**മാതാപിതാക്കൾ ശ്രദ്ധിക്കാൻ**

ലൈംഗിക പീഢനങ്ങൾ വർദ്ധിക്കുന്ന ഈ കാലഘട്ടത്തിൽ മാതാപിതാക്കൾ കുഞ്ഞുങ്ങളെ നന്നായി ശ്രദ്ധിക്കണം.

* ചെറുപ്രായത്തിൽ തന്നെ സ്വന്തം ശരീരം സൂക്ഷിക്കാനും ശ്രദ്ധിക്കാനും പറഞ്ഞ് കൊടുക്കണം. അപരിചിതരിൽ നിന്ന് നിശ്ചിത അകലം പാലിക്കാനും പരിചയമുള്ളവരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യാനും കുഞ്ഞുങ്ങൾക്ക് പരിശീലനം ഉണ്ടാകണം.

* മറ്റൊരാൾ ശരീരത്തിൽ സ്പർശിക്കുന്നത് ശരിയായതോ തെറ്റായതോ എന്ന് വിലയിരുത്താൻ പഠിപ്പിക്കണം.

* ശരീരത്തിൽ മറ്റൊരാളെ സ്പർശിക്കരുതാത്ത സ്ഥലങ്ങൾ അല്ലെങ്കിൽ ഇടങ്ങൾ എതെന്ന് വ്യക്തമായി പറഞ്ഞു നൽകണം.

* എന്ത് പ്രശ്നങ്ങൾ ആണെങ്കിലും മാതാപിതാക്കളോട് തുറന്നു പറയാനായി കുഞ്ഞുങ്ങളെ ഉപദേശിക്കണം.

* മാതാപിതാക്കളും മക്കളുടെ ഏറ്റവും അടുത്ത സുഹൃത്തുക്കൾ എന്നപോലെ പെരുമാറണം.

* അനാവശ്യമായ ശിക്ഷകൾ കുഞ്ഞുങ്ങളെ മാതാപിതാക്കളിൽ നിന്നും അകറ്റും എന്നതും മറക്കരുത്.

* മക്കളെ മറ്റ് വീടുകളിൽ കൂട്ടു കിടക്കാൻ വിടുന്നതും തന്നെ വീട്ടിലാക്കി പോകുന്നതും ഒഴിവാക്കുക.

* കൂട്ടുകാരോടൊത്ത് രാത്രിസമയങ്ങളിൽ കൂടുതൽ സമയം ചെലവഴിക്കുന്നത് ഒഴിവാക്കുക.

* ഏറ്റവും അടുത്ത ബന്ധുക്കൾ, സ്നേഹിതർ എന്നിവരിൽ നിന്നു പോലും പീഢനങ്ങൾ ഉണ്ടാകാം എന്നത് മാതാപിതാക്കൾ അറിയണം.

* മാതാപിതാക്കൾ ഏറ്റവുമധികം വിശ്വസിക്കുന്നവർ ആണ് പലപ്പോഴും കുഞ്ഞുങ്ങളെ ശാരീരികമായും ലൈംഗികമായും ഉപദ്രവിക്കുന്നതിൽ മുൻപിൽ.

* ലൈംഗികതയെ കുറിച്ചുള്ള തെറ്റിദ്ധാരണകൾ കഴിവതും ഒഴിവാക്കുക. *അവരുടെ പ്രായത്തിനനുസരിച്ചുള്ള അറിവുകൾ പകർന്നു നൽകുന്നത് ഒരു പരിധിയിലധികം ഇങ്ങനെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കാരണമാകും.

*ഇന്റർനെറ്റ് മാധ്യമങ്ങൾ ശരിയായവിധത്തിൽ ഉപയോഗിക്കുവാൻ കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുക.

രാത്രികാലങ്ങളിൽ മൊബൈൽ ഉപയോഗിക്കുന്നത് തടയുക.

* കേരളത്തിലെ പീഢനങ്ങൾ കൂടുതലും അടുത്ത ഇടപെടുന്നവരിൽ നിന്ന് ഉണ്ടാകുന്നതാണ്.

* പെൺകുട്ടികൾ മാത്രമല്ല ആൺകുട്ടികളും ലൈംഗിക പീഢനങ്ങൾക്ക് ഇരയാകുന്നു എന്നത് മാതാപിതാക്കൾ അറിയണം.

* കുട്ടികളിലെ മാറ്റങ്ങൾ മാതാപിതാക്കൾ വിലയിരുത്തുക. സ്വഭാവത്തിലും ഇടപാടിലും നല്ല വ്യത്യാസങ്ങൾ ഉണ്ടെങ്കിൽ ഒരു കൗൺസിലറുടെ സഹായം തേടുവാൻ ശ്രദ്ധിക്കണം.

* ചെറുപ്രായത്തിൽ കുട്ടികളിലുണ്ടാകുന്ന സ്വഭാവ വൈകൃതങ്ങൾ ഭാവിയിൽ അവരെ ബാധിക്കും.

**സഭകളുടെ ഉത്തരവാദിത്വം**

കുട്ടികൾ നേരിടുന്ന പ്രതിസന്ധികൾ അറിഞ്ഞ് വേണ്ട പരിശീലനം നൽകുവാൻ സഭയ്ക്ക് ഉത്തരവാദിത്തം ഉണ്ട്.

*സമയാസമയങ്ങളിൽ കുട്ടികൾ നേരിടുന്ന പ്രതിസന്ധികൾക്ക് പരിഹാരം നിർദേശിക്കാൻ കൗൺസിലിംഗ് പ്രോഗ്രാമുകൾ, ക്യാമ്പുകൾ എന്നിവ ഒരു പരിധിയിലധികം പ്രയോജനം ചെയ്യും.


* കുട്ടികളിലെ മാറ്റങ്ങൾ മാതാപിതാക്കൾ വിലയിരുത്തുക. സ്വഭാവത്തിലും ഇടപാടിലും നല്ല വ്യത്യാസങ്ങൾ ഉണ്ടെങ്കിൽ ഒരു കൗൺസിലറുടെ സഹായം തേടുവാൻ ശ്രദ്ധിക്കണം.

* ചെറുപ്രായത്തിൽ കുട്ടികളിലുണ്ടാകുന്ന സ്വഭാവ വൈകൃതങ്ങൾ ഭാവിയിൽ അവരെ ബാധിക്കും.

▶14 - ാം പേജിൽ തുടരും...



## ധ്യാനപീഠം



സി. കെ. വിജയൻ

# ക്യാപ്റ്റൻ വന്നിരുന്നു

ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു. കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണ ആകുന്നു.സങ്കീ.46:1

അതിശൈത്യവും മഞ്ഞ് വീഴ്ചയുമുള്ളയിടത്ത് കേബിൾ കുഴിച്ചിടുകയെന്ന ദുഷ്കരമായ ദൗത്യമായിരുന്നു ആ പട്ടാള സംഘത്തിനു ലഭിച്ചത്. ഈ സംഘത്തിന്റെ ക്യാപ്റ്റനെ അവരാരും കണ്ടിട്ടില്ലായിരുന്നു. ക്യാപ്റ്റൻ പിന്നാലെ വരുമെന്നും അവരുടെ കൂടെ ചേരുമെന്നുമുള്ള സന്ദേശം മാത്രമേ അവർക്ക് ലഭിച്ചിരുന്നുള്ളൂ.

ഇത്ര വിഷമം പിടിച്ച ജോലി ചെയ്യുന്നിടത്ത് ക്യാപ്റ്റൻ തങ്ങളോട് കൂടെ വരാത്തതിൽ എല്ലാവർക്കും പ്രതിഷേധവും പരിഭവവും ഉണ്ടായിരുന്നു. അങ്ങനെ ആ ബറ്റാലിയൻ ജോലി സ്ഥലത്ത് എത്തി. ഹിമപാതം ശക്തമായി തുടർന്നു. അസഹനീയമായ തണുപ്പും പ്രതികൂലമായ കാലാവസ്ഥയും അവരുടെ ജോലിക്ക് കഠിനമായ വെല്ലുവിളിയായി. സൂര്യനെ കണ്ടിട്ട് ദിവസങ്ങളായി.

പ്രതീക്ഷിച്ച പോലെ വേഗത്തിൽ പണികൾ തുടരാനാകാത്തതിൽ എല്ലാവരും നന്നേ വിഷമിച്ചു. ക്യാപ്റ്റന്റെ അഭാവം എല്ലാവരിലും കടുത്ത അമർഷവും നീരസവും ഉളവാക്കി. പലരും രോഗികളായി കൂടാരത്തിനകത്ത് കിടപ്പിലായി. മഞ്ഞ് മൂടിയതിനാൽ ടെന്റിൽ നിന്നും പുറത്തിറങ്ങാനാവാത്ത അവസ്ഥയായിരുന്നു.

പുറത്ത് ആരോ മഞ്ഞുകട്ടകൾ ഉടച്ചു കോരി കളയുന്ന ശബ്ദം കേട്ടാണ് എല്ലാവരും അന്ന് ഉണർന്നത്. ഒരു മനുഷ്യൻ പുഞ്ചിരിച്ച് കൊണ്ട് കൂടാരത്തിനകത്തേക്ക് കയറി വന്നു എല്ലാവരെയും സല്യൂട്ട് ചെയ്തു. അടുത്തുള്ള ഗ്രാമവാസി എന്നാണ് അയാൾ തന്നെ പരിചയപ്പെടുത്തിയത്. ഈ വിഷമം പിടിച്ച അവസ്ഥയിൽ അവരെ സഹായിക്കുവാൻ താൻ സന്നദ്ധനാണെന്ന് അറിയിച്ച അയാൾ ജോലിക്ക് അവർക്കൊപ്പം കൂടി.

രോഗിയായവരെ അയാൾ പരിചരിച്ചു. താൻ കൊണ്ടുവന്ന മരുന്നുകളും മറ്റും അവർക്ക് നൽകി. അടുക്കളയിൽ കയറിയ അയാൾ അവിടമെല്ലാം വൃത്തിയാക്കി. അലങ്കോലപ്പെട്ട് കിടന്നതെല്ലാം അടുക്കിപ്പെറുക്കി വച്ചു. ഭക്ഷണം ഉണ്ടാക്കാൻ അയാളും അവരെ സഹായിച്ചു. എല്ലാം ഒരു മടിയും കൂടാതെ അയാൾ സന്തോഷത്തോടെ ചെയ്തു കൊണ്ടിരുന്നു.


സന്ധ്യാനേരത്ത് അയാൾ മടങ്ങുവാൻ നേരത്ത് എല്ലാവരും അയാൾക്ക് നന്ദി പറയുകയും അയാൾ അവരെ ഓരോരുത്തരെയും ആശ്ലേഷിക്കുകയും ചെയ്തു. മഹത്തായ ഈ ദൗത്യം ചെയ്യുന്ന പട്ടാളക്കാരെ അയാൾ വാനോളം പുകഴ്ത്തുകയും സല്യൂട്ട് ചെയ്തിട്ടുമാണ് മടങ്ങിയത്. കൂടാരത്തിന്റെ വാതിൽക്കൽ എല്ലാവരും അയാളുടെ മടക്കയാത്ര നോക്കി നിന്നു. ഒരു വിളിപ്പാടകലെ എത്തിയപ്പോൾ അയാൾ തിരിഞ്ഞു നിന്നു അവരോട് ഉറക്കെ വിളിച്ച് പറഞ്ഞു. ‘നിങ്ങളുടെ ബേസ് ഓഫീസിലേക്ക് അടിയന്തിരമായി ഒരു വയർ ലെസ്സ് സന്ദേശമറിയിക്കണം. ക്യാപ്റ്റൻ വന്നിരുന്നു എന്ന്. ‘

തങ്ങളെ സഹായിക്കുവാൻ ഗ്രാമീണന്റെ വേഷത്തിൽ വന്നത് തങ്ങളുടെ ക്യാപ്റ്റൻ ആണെന്ന് അവർ അപ്പോൾ മാത്രമാണ് തിരിച്ചറിഞ്ഞത്. തങ്ങളുടെ കൂടെ തുടക്കത്തിൽ വരാതിരുന്നതിന് ക്യാപ്റ്റനെതിരെ സംസാരിച്ചവർക്ക് കുറ്റബോധം തോന്നി.

നമ്മുടെ ജീവിതത്തിലും ഇതു തന്നെയല്ലേ സംഭവിക്കുന്നത്.

പലപ്പോഴും കർത്താവ് നമ്മുടെ കൂടെയില്ല എന്ന് നമുക്ക് തോന്നിയേക്കാം. ദുഷ്കരമായ ജീവിത പ്രതിസന്ധികളിൽ നാം തനിച്ചാണ് എന്ന് നാം പരിഭവിക്കാറുണ്ട്. എന്നാൽ വിഷമം പിടിച്ച ജീവിത സാഹചര്യങ്ങളിൽ ആ ക്യാപ്റ്റൻ അവരെ സഹായിക്കാനെത്തിയ പോലെ യേശു കർത്താവ് നമ്മുടെ ചാരത്തുണ്ട്.. അവൻ നമ്മുടെ സങ്കേതവും ബലവും മാത്രമല്ല. കഷ്ടങ്ങളിൽ ഏറ്റവും അടുത്ത തുണ കൂടെയാണ്.

# തൊഴിൽ തേടുമ്പോൾ



എബ്രഹാം പി. എസ്.

നിങ്ങൾക്ക് യോഗ്യമായതും മികച്ചതും, സുരക്ഷിതവുമായ ഒരു തൊഴിൽ തെരഞ്ഞെടുക്കുന്നതിന്റെ സമസ്യയിലാണോ? മോഹനസുന്ദരമായ ഭാവി കൈവരിക്കാൻ ഏതു ദിശയിൽ സഞ്ചരിക്കണമെന്ന് ദൈവം നിങ്ങളെക്കുറിച്ച് ആഗ്രഹിക്കുന്നത് എന്നതിൽ നിങ്ങൾ ആശങ്കയുള്ളവരാണോ?

ഓർക്കുക, ഏതു തൊഴിൽ തെരഞ്ഞെടുക്കണം എന്നതുൾപ്പടെ ജീവിതത്തിലെ വിവിധോന്മുഖമായ തീരുമാനങ്ങളെക്കുറിച്ച് സ്പഷ്ടമായ യാതൊരു മാർഗ്ഗനിർദ്ദേശവും നമ്മുടെ വിശ്വാസപ്രമാണമായ വേദപുസ്തകം നമുക്ക് നല്കുന്നില്ല. ഒരാൾ ഡോക്ടറാവണം, എഞ്ചിനീയറാവണം, വക്കീലാവണം എന്നൊന്നും നിയതമായി പറയുന്ന വാക്യങ്ങളോ നമുക്ക് ദൈവപുസ്തകത്തിൽ കാണാൻ കഴിയുന്നില്ല.

അങ്ങനെയാണെങ്കിൽ ദൈവപൈതലായ ഒരു വ്യക്തി അവന്റെ ഭാവി തീരുമാനിക്കുന്ന-അനന്തസാധ്യതകളുടെ മദ്ധ്യേ വഴിമുട്ടിനില്ക്കുമ്പോൾ ശങ്കിക്കാതെ ധൈര്യത്തോടെ ശരിയായ മാർഗ്ഗം തേടുന്നതിന് ദൈവവചനം നമുക്ക് എങ്ങനെ സഹായകരമെന്ന് നോക്കാം.

**യേശുക്രിസ്തുവുമായി നിരന്തരമായുള്ള ആത്മബന്ധം**

യോഹന്നാൻ 15:5 തരുന്ന ഒന്നാമത്തെ നിർദ്ദേശം ഇതാണ്. എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴികയില്ല. ക്രിസ്തുമായി പിരിയാബന്ധം സൃഷ്ടിക്കുന്നവർക്കു മാത്രമേ ജീവിതത്തിലെ പ്രധാന സമസ്യകളിൽ ഉചിതമായ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. ആ തീരുമാനമായിരിക്കും ഭാവി വിജയത്തിലേക്കുള്ള ചൂലുപലകയായി പരിണമിക്കുന്നത്. നല്ല തൊഴിൽമേഖല തെരഞ്ഞെടുക്കുന്നതിനുമുമ്പായി നമുക്ക് ആത്മസ്നേഹിതനായ ക്രിസ്തുവിന്റെ സഹായം തേടാം.

**വചനം ഉള്ളിലുള്ളവരായി വളരാം**

യോഹന്നാൻ 15:7 ൽ എങ്ങനെയുള്ളവരുടെ തീരുമാനങ്ങളായിരിക്കും ഫലപ്രദമായത് എന്ന് വളരെ വ്യക്തമായി പറയുന്നു. ക്രിസ്തുവിനെ മാത്രം കൂട്ടുപിടിച്ചിട്ടുകാര്യമില്ല മറിച്ച് അവന്റെ വചനം നമ്മുടെ ഉള്ളിലുള്ളായാലെ നാം ആഗ്രഹിക്കുന്നത് ലഭിക്കുകയുള്ളൂ. ആയതിനാൽ എനിക്ക് ഒരു തൊഴിൽ വേണം എന്നാഗ്രഹിക്കുന്നവരോർക്കുക ക്രിസ്തുവിലും, വചനത്തിലും വസിക്കുന്നവർ മികച്ച ഭാവി തെരഞ്ഞെടുപ്പിൽ അവർ വിജയികളാണ്. മത്തായി 6:33 പറയുന്നു മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പീൻ അതോടുകൂടി ഇതൊക്കെയും നിങ്ങൾക്കു കിട്ടും. അപ്പോൾ ഒരു



തൊഴിലന്വേഷകനു വേണ്ട ഒന്നാമത്തെ ഗുണമാണ് ക്രിസ്തുവിൽ വേരൂന്നുക എന്നത്.

**നമ്മുടെ കഴിവും പ്രാപ്തിയും മനസ്സിലാക്കി വയ്ക്കുക**

വ്യക്തമായ കഴിവോടും, വൈദഗദ്ധ്യത്തോടുമാണ് ദൈവം ഓരോരുത്തരെയും സൃഷ്ടിച്ചിരിക്കുന്നത്. അത് എന്താണെന്ന് നമ്മൾ ആദ്യം മനസ്സിലാക്കിയെടുക്കണം. മറ്റൊരാളെപ്പോലെ ആയിത്തീരുന്നതിനു പകരം നമ്മുടെ വ്യക്തിത്വഗുണങ്ങൾ മനസ്സിലാക്കി നാമായി ജീവിക്കാൻ ശ്രമിക്കണം. സങ്കീർത്തനം 139: 13–14 നമ്മുടെ പ്രകൃതത്തെക്കുറിച്ച് ബോധ്യമുണ്ടാക്കിത്തരുന്നു. ഭാവി തൊഴിൽ മേഖല നമ്മുടെ പ്രാപ്തിയ്ക്കനുസരിച്ചും, കഴിവിനനുസരിച്ചും തെരഞ്ഞെടുക്കുമ്പോൾ പിന്നീട് ദുഃഖിക്കേണ്ടി വരില്ല എന്നുറപ്പാണ് ഈ വചനങ്ങൾ പറഞ്ഞു തരുന്നത്.

**ബുദ്ധിപൂർവ്വമായ തീരുമാനങ്ങളെടുക്കാൻ കഴിവുള്ളവരാകണം**


നമ്മൾ വിവേകമതികളായിരിക്കണമെന്ന് ശലോമോൻ സദൃശ്യവാക്യങ്ങളിലൂടെ നമ്മെ പഠിപ്പിക്കുന്നു. സർട്ടിഫിക്കറ്റുകൾ നേടിയതുകൊണ്ട് വിവേകം ലഭിക്കണമെന്നില്ല. അത് ശീലിച്ചെടുക്കേണ്ട ഗുണമാണ്. വിവേകപൂർവ്വമായ തീരുമാനങ്ങൾ കൈക്കൊള്ളാൻ കഴിയുന്നവർ അവരുടെ തൊഴിൽ മേഖലയിൽ അഗ്രഗണ്യരായിത്തീരും. സദൃ.1:2–5 വായിക്കുക. ജ്ഞാനത്തിലൂടെ ജീവിത വിജയം നേടുന്നത് മനസ്സിലാക്കിത്തരുന്നു. നന്മയും തിന്മയും തിരിച്ചറിയുന്നതിനുള്ള വിവേകം നല്കണേയെന്ന് ശലോമോൻ ദൈവത്തോടു ചോദിച്ചതുപോലെ നമുക്കും പ്രാർത്ഥിക്കാം. ഒരു നല്ല നാളെ നമുക്ക് പ്രാപിച്ചെടുക്കുന്നതിനായി.

ഏതു തീരുമാനത്തിനു മുമ്പിലും അടിയുറച്ച ദൈവവിശ്വാസവും, ദൈവാശ്രയവും ആണ് ശരിയായ ദിശയിലേക്ക് നമ്മെ കൊണ്ടെത്തിക്കുന്നത്. ഭൂമിയിലായിരിക്കുന്ന നമുക്ക് ഇവിടുത്തെ സംവിധാനങ്ങൾക്ക് അനുസൃതമായി മാറേണ്ടത്. അതു മികച്ച തൊഴിൽ നേടിയെടുക്കുക എന്നതും വളരെ ശ്രമകരവുമാണ്. ഇത്തരം സന്ദർഭങ്ങളിൽ നമ്മുടെ ആശ്രയമായിരിക്കുന്ന ദൈവം തന്റെ വചനത്തിലൂടെ നമ്മോടുള്ള ദൈവഹിതം തിരിച്ചറിയുന്നതിന് സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# ചിറകിന്റെ മറവിൽ



ജോബി കെ. സി.



കൊച്ചി വിമാനത്താവളത്തിൽ നിന്ന് രാജസ്ഥാനിലേയ്ക്കുള്ള യാത്രയ്ക്കായി എക്സൽ മിനിസ്ട്രിയിലെ സഹപ്രവർത്തകൻ ഷിബു സാറിനൊപ്പം ഇൻഡിഗോ വിമാനത്തിലെ ഇരുപതാം നമ്പർ സൈഡ് സീറ്റിൽ ഒരുങ്ങിയിരിക്കുമ്പോഴാണ് ചിന്തനീയമായ ഒരു കാര്യം ശ്രദ്ധയിൽ പെട്ടത്. ചൂടിന്റെ കാഠിന്യത്തിൽ നിന്നും രക്ഷനേടുവാൻ ഗ്രൗണ്ട് സ്റ്റാഫിൽ ഒരാൾ വിമാനത്തിന്റെ ചിറകിന്റെ നിഴലിൽ നിൽക്കുന്നു. തീർച്ചയായും ആ നിഴൽ അയാൾക്ക് അല്പനേരത്തേയ്ക്ക് ആശ്വാസം പകരും എന്നതിൽ സംശയമില്ല. ആ കാഴ്ച വിവിധമായ ചിന്തകളിലേക്ക് എന്റെ മനസ്സിനെ കൊണ്ടുപോയി.

മരമായ മരമെല്ലാം കൊണ്ട വെയിലാണ് തണൽ എന്ന വരികൾ എത്ര അർത്ഥവത്താണ്. നമുക്കു തണൽ നൽകുവാൻ വേണ്ടി മരങ്ങൾ വെയില് സ്വീകരിക്കുകയാണ്. യാത്രകൾക്കിടെ വഴിയോരത്തെ മരത്തണലുകളിൽ വാഹനം ഒതുക്കിയിട്ട് വിശ്രമിക്കുന്നവരെ കണ്ടിട്ടുണ്ടല്ലോ. ദീർഘദൂരം യാത്ര ചെയ്യാനുള്ള പുതിയ ഊർജവും ഉന്മേഷവും അവർ ആ തണലിൽ നിന്നും സ്വീകരിക്കുകയാണ്. നാമും വ്യത്യസ്തമായ തണൽ കൊണ്ടവരാണ്, തണൽ കൊടുക്കേണ്ടവരാണ്.

**മാതാവ് എന്ന തണൽ**

മനോഹരമായ ഈ ഭൂമിയിലേക്ക് നമുക്ക് ജനിക്കുവാൻ ഒൻപതു മാസക്കാലം ഗർഭപാത്രമാകുന്ന തണൽ ഒരുക്കിയ നമ്മുടെ മാതാവ്. ആ തണലിൽ ആയിരുന്ന നമ്മുടെ വളർച്ചയ്ക്കായി എത്രയോ ത്യാഗം അവർ സഹിച്ചു. കഠിനമായ നൊമ്പരങ്ങളിലൂടെയും മാനസിക-ശാരീരിക പിരിമുറുക്കങ്ങളിലൂടെയും കടന്നു പോയപ്പോഴും നമുക്ക് ആ തണൽ ലഭിച്ചുകൊണ്ടിരുന്നു. തിരിഞ്ഞു മറിഞ്ഞു കിടന്നപ്പോഴും രാത്രി ഉണർന്നു കരഞ്ഞപ്പോഴും മുട്ടിലിഴഞ്ഞ് , പിച്ചവച്ച് നടന്നപ്പോഴും ആ തണൽ കൂടെയുണ്ടായിരുന്നു. ആപത്തിൽ അമ്മേ എന്ന ഒറ്റവിളിയിൽ ആ തണൽ ഓടി എത്തിയിരുന്നു. കാലത്തിന്റെ കടന്നു പോക്കിൽ മാതാവ് എന്ന തണലിന് ക്ഷീണം ആകുമ്പോൾ അവർക്കു തണലേകാൻ നമുക്ക് ഒരുങ്ങാം. വൃദ്ധസദനത്തിലല്ല സ്വന്തം ഭവനത്തിൽ ...

**പിതാവ് എന്ന തണൽ**

ഒട്ടേറെ അനുഭവ പാഠങ്ങൾ തുന്നിച്ചേർന്ന പാഠപുസ്തമാണ് പിതാവ്. ആ തണലിൽ കൈപിടിച്ചു നടന്നതും തോളിൽ ഇരുന്നതും മാർവിൽ കിടന്നതും ഒരു മക്കൾക്കും മറക്കാനാകില്ല. വീടെന്ന വലിയ കപ്പലിനെ കാറ്റിലും കോളിലും തകരാതെ നയിച്ച കപ്പിത്താനാണ് നല്ല പിതാവ്. ജീവിത ലക്ഷ്യവും കുടുംബ ഭാരവും ഉത്തരവാദിത്തങ്ങളും ദൈവീക കാര്യങ്ങളും മക്കളിലേയ്ക്ക് പകരാൻ ദൈവം നൽകിയ മനോഹര പദവിയാണ് പിതൃത്വം. ആ തണലിന്റെ ഉള്ളം തണുപ്പിക്കാൻ വാക്കുകളാലും പ്രവർത്തികളാലും നമുക്ക് കഴിയട്ടെ.

**കുടുംബം എന്ന തണൽ**

കൂടുമ്പോൾ ഇമ്പമുള്ളതാണ് കുടുംബം എന്ന വാക്കുകൾ പരസ്പരം തണൽ ആകേണ്ടതിന്റെ ആവശ്യകതയെ വിളിച്ചറിയിക്കുന്നു. കുടുംബം എന്ന തണൽ തകർക്കുവാൻ മദ്യത്തിനും മയക്കുമരുന്നിനും അഹങ്കാരത്തിനും അവിശ്വസ്തതയ്ക്കും സാധിക്കും. ഒരുമിച്ച് സംസാരിക്കുമ്പോഴും സന്തോഷവും വിഷമങ്ങളും പങ്കിടുമ്പോഴും ആ തണൽ വലുതാകുകയാണ്.

**അദൃശ്യമായ തണൽ**

അറിഞ്ഞും അറിയാതെയും സർവ പ്രപഞ്ചവും ഒരു തണലിന്റെ മറവിലാണ്. സർവശക്തനായ സ്രഷ്ടാവായ ദൈവത്തിന്റെ സ്നേഹ തണൽ. ആ സ്നേഹം ആകാശം പോലെയും അവിടുത്തെ ദയ സമുദ്രജലം പോലെയും വിശാലം. ആ തണലിൽ നിന്നും മാറി നിൽക്കുവാൻ പലപ്പോഴും മനുഷ്യർ ശ്രമിക്കുന്നു. ദൈവീകമായ തണലിൽ നിന്നും എത്രത്തോളം അകന്നു പോകുന്നുവോ അത്രത്തോളം സംരക്ഷണവും കരുതലും സമാധാനവും നമ്മിൽനിന്ന് അന്യ പെടുകയാണ്. താത്ക്കാലികമായ ലോകത്തിന്റെ തണലുകളെക്കാൾ എത്രയോ അനശ്വരവും അവർണ്ണനീയവുമാണ് ദൈവം ഒരുക്കുന്ന തണൽ. ആ സ്നേഹത്തണലിൽ നമുക്ക് അടുത്തുവന്ന് അഭയം പ്രാപിക്കാം.

Parenting Point



# പപ്പായുടെ ദിവസം



ഷിബു കെ ജോൺ

ഒരു ഫാദേഴ്സ് ഡേ കൂടി കടന്നു പോകുന്നു. നൂറ്റിപതിനൊന്നോളം രാജ്യങ്ങളിൽ ആഘോഷിക്കപ്പെടുന്ന ഫാദേഴ്സ് ഡേ, ഇന്ന് കാണുന്ന രീതിയിൽ തുടങ്ങിയത് അമേരിക്കയിലാണ്. അതും 1910 ൽ. പിതാക്കൻമാർ കുടുംബത്തിനും വിശേഷാൽ തലമുറകൾക്കും എത്രത്തോളം പ്രധാനപ്പെട്ടവരാണ് എന്ന് ഓർമ്മപ്പെടുത്തുകയും അവരെ മാനിക്കുകയും ചെയ്യുവാൻ ഈ ദിനം നമ്മെ സഹായിക്കുന്നു. ഇംഗ്ളീഷിൽ ആറ് അക്ഷരങ്ങളുള്ള പിതാവ് എന്ന പദം ഓരോ അപ്പൻമാരെയും ഓർമ്മപ്പെടുത്തുന്ന ആറ് കാര്യങ്ങളാണ് ഉള്ളത്.

F (Friend): ഏതൊരാളും സുഹൃദ് സ്നേഹത്തേക്കാൾ വേറൊന്നും ആഗ്രഹിക്കുന്നുണ്ടാവില്ല! കുട്ടികൾ ചെറുപ്പമായിരിക്കുമ്പോൾ ഒരു പിതാവ് പരിശീലകനായിരിക്കുമെങ്കിലും അവർ വളരുമ്പോൾ ഒരു സ്നേഹിതനായി മാറുന്നതാണ് ഉചിതം. അവർക്ക് എന്തും പങ്കുവയ്ക്കാൻ കഴിയുന്ന, അവരെ വിമർശിക്കാത്ത, ഒപ്പം സ്നേഹത്തോടെ അവരെ നേർവഴികാട്ടുന്ന ഒരു സുഹൃത്തിനെ ആരാണ് ആഗ്രഹിക്കാത്തത്!

A (Available): ഇന്നത്തെ തിരക്കേറിയ ജീവിതത്തിൽ കുട്ടികളോടൊത്ത് ആവശ്യത്തിന് സമയം ചെലവഴിക്കുന്നത് ശ്രമകരമായ കാര്യമാണ്. പക്ഷെ ഇത് അനിവാര്യവുമാണ്. ബന്ധങ്ങൾ ഊട്ടി ഉറപ്പിക്കുവാനും കുട്ടികളുടെ വളർച്ചയുടെ സുപ്രധാന ഘട്ടങ്ങളിൽ വഴികാട്ടിയാകുവാനും അവരോടൊപ്പം സമയം ചെലവഴിച്ചേ മതിയാവൂ. കുട്ടികളെ നാം നേടുന്നത് കേവലം ഭൗതിക ആവശ്യങ്ങൾ നിറവേറ്റുന്നതിലൂടെ മാത്രമല്ല – ഓരോ ദിവസവും അവരോടൊപ്പം ഫലകരമായ സമയം (Quality Time) ചെലവഴിക്കുന്നതിലൂടെയാണ്!

T (Teacher): സയൻസും കണക്കും സ്ക്കൂളുകളിൽ കുടി കുട്ടികൾ പഠിക്കുന്നുണ്ടാവാം. എന്നാൽ ഏറ്റവും പ്രധാന വിഷയമായ ജീവിതം അവർ പഠിക്കുന്നത് മാതാ –പിതാക്കളിലൂടെയാവണം. ജീവിത പാഠങ്ങൾ കുട്ടി പഠിക്കുന്നത് ചൊല്ലിക്കൊടുക്കുന്നതിലൂടെ മാത്രമല്ല, മാതൃകയിലൂടെയാണ്! ദൈവവചനത്തിൽ അടിയുറച്ച് പിതാക്കൻമാർ മാതൃകയോടെ ജീവിച്ചാൽ മക്കൾ നേർവഴിയിൽ തന്നെ വളർന്നു വരും.

H (Honourable): സ്വർഗ്ഗീയ താതന്റെ പ്രതിപുരുഷൻമാരായതിനാൽ പിതാക്കന്മാർ ബഹുമാനത്തിന് അർഹരാണ്. മാതാവിൽ നിന്നുമാണ് കുട്ടികൾ ഇത് പഠിക്കുന്നത്. പിതാക്കൻമാർ ബഹുമാനിക്കപ്പെടാത്ത ഒരു ഭവനവും അനുഗ്രഹിക്കപ്പെടുകയില്ല. ഒപ്പം, ബഹുമാനത്തെ നഷ്ടമാക്കുന്ന സംഭാഷണങ്ങളിൽ നിന്നും പ്രവർത്തനങ്ങളിൽ നിന്നും അപ്പന്മാർ മാറി നിൽക്കുകയും വേണം.

E(Equipper): ഏറെ പ്രാധാന്യമുള്ള കാര്യമാണിത്. കുട്ടികളെ സ്വീകർത്താക്കളാക്കി വളർത്തുന്നവരാണ് ഇന്നധികവും. മാതാപിതാക്കളുടെ അധ്വാനഫലം ഉപയോഗിക്കുന്നവരായി മാത്രം അവർ മാറുന്നത് അവരെ കാര്യപ്രാപ്തിയില്ലാത്തവരാക്കി മാറ്റുന്നു. വീട്ടിലെ ചെറുതും വലുതുമായ ജോലികളിൽ അവരെ ഉൾപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും തെറ്റുകൾ ക്ഷമിക്കുകയും ചെയ്യുമ്പോൾ മാതാപിതാക്കൾക്കും സമൂഹത്തിനും അവർ തൂണുകളായി വളർന്നു വരും!

R(Reminder): ഡാഡി ഒരു ഓർമ്മപ്പെടുത്തലാണ്. യേശുക്രിസ്തുവിലൂടെ സകല മനുഷ്യരെയും സ്നേഹിക്കുന്ന ഒരു പിതാവുണ്ടെന്ന ഓർമ്മപ്പെടുത്തൽ! ഈ പിതാവിന്റെ സ്നേഹം സ്വീകരിക്കുന്ന ഓരോ മനുഷ്യനും ദൈവ കുടുംബത്തിലെ അനുഗ്രഹങ്ങൾക്ക് അവകാശിയാണെന്നും ഏവർക്കും ഈ വാതിൽ തുറന്നു കിടക്കുകയാണെന്നും ലോകത്തെ ഓർമ്മിപ്പിക്കുന്ന ഒരു ജീവിത രീതി പിന്തുടരുവാൻ ഇത് നമ്മെ സഹായിക്കുന്നു!

സ്വർഗ്ഗീയ പിതാവിന്റെ ഗുണഗണങ്ങളെ പ്രകടമാക്കുന്ന ഉത്തമ പിതാക്കന്മാരായി ജീവിച്ചു കൊണ്ട്, സ്വകുടുംബത്തിനും സഭയ്ക്കും സമൂഹത്തിനും അനുഗ്രഹമായിത്തീരുവാൻ ഓരോ പിതാക്കൻമാരെയും പറ്റി ദൈവം ആഗ്രഹിക്കുന്നു. ഇക്കൊല്ലത്തെ ഫാദേഴ്സ് ഡേ, ഇപ്രകാരമുള്ള ഒരു സമർപ്പണം പുതുക്കുന്ന വേളയായി ത്തീരട്ടെ.

Excel സ്നേഹിതൻ
An Excel Publication




# ലഹരി തേടുന്ന കൗമാരം

D J പാലക്കാട്

ജൂൺ 26ന് ഒരു അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനം കൂടി കടന്നു പോയിരിക്കുന്നു.അതോടനുബന്ധിച്ച് എക്സൽ സോഷ്യൽ അവെയർനസ് മീഡിയ കഴിഞ്ഞ ചില ദിവസങ്ങളായി പല കലാലയങ്ങളിലേക്കും കടന്നു ചെന്നു. ലഘുനാടകം,പാട്ട്,ആക്ടിവിറ്റികൾ, മാജിക്, ബോധവൽക്കരണ ക്ലാസ് തുടങ്ങി വ്യത്യസ്ത മാധ്യമങ്ങളിലൂടെ ലഹരിവിരുദ്ധ സന്ദേശം നൽകി.



കുട്ടികളുടെ ലഹരി ഉപയോഗത്തെക്കുറിച്ച് പല കലാലയങ്ങളിലെയും അധ്യാപകരുടെ പ്രതികരണങ്ങൾ ഞെട്ടിക്കുന്നതായിരുന്നു. പല കുട്ടികളും അതിൽ നിന്ന് പിന്തിരിയാൻ കഴിയാത്ത അവസ്ഥയിലാണ്.

ഏറെ പ്രതീക്ഷകളോടെയാണ് മാതാപിതാക്കൾ കുട്ടികളെ സ്കൂളിലേക്ക് അയക്കുന്നത്.പക്ഷേ പല വിദ്യാർത്ഥികളും ലഹരിയുടെ ലോകത്തിൽ ജീവിതം നശിപ്പിക്കുകയാണ്. ലഹരിവസ്തുക്കൾ കൈമാറാൻ സോഷ്യൽ മീഡിയയിൽ ഗ്രൂപ്പുകളും ആപ്പുകളും വരെ ഉണ്ടെന്നുള്ളത് പത്രത്താളുകളിലൂടെ ഞെട്ടലോടെയാണ് നാം കേട്ടത്. സ്മാർട്ട് ഫോണുകൾ ലഹരിയുടെ വിപണനവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നത് മാതാപിതാക്കളെയും ഉത്കണ്ഠാകുലരാക്കുന്നു.

സ്കൂൾ തലങ്ങളിൽ മികച്ച മാർക്ക് വാങ്ങി ഉപരിപഠനത്തിന് എത്തുന്ന പലരും തുടർപഠനത്തിൽ പഠനനിലവാരം താഴുമ്പോൾ ഇത്തരത്തിലുള്ള സ്വാധീന വലയങ്ങളിൽ അകപ്പെട്ടിട്ടുണ്ടാവും എന്നനുമാനിക്കാം. പല രക്ഷിതാക്കളും അധ്യാപകരും വിദ്യാർത്ഥികളുടെ ഭാവിയോർത്ത് ആശങ്കയിലാണ്. പല കുട്ടികൾക്കും കൗൺസിലിംഗ് വേണ്ട അവസ്ഥയാണ് നിലവിലുള്ളത്.

ഈയൊരു സാഹചര്യത്തിലാണ് എക്സൽ സോഷ്യൽ അവയർനസ് മീഡിയ പോലുള്ള സംഘടനകളുടെ പ്രാധാന്യമേറുന്നത്.ചെറിയ ക്ലാസുകൾ മുതൽ ലഹരിക്കെതിരെയുള്ള ബോധവൽക്കരണ ക്ലാസുകൾ നൽകാൻ സ്കൂൾ അധികൃതർ തയ്യാറാകണം. സ്കൂളുകളിൽ കൗൺസിലിംഗ് ക്ലാസുകൾ സംഘടിപ്പിക്കണം. വിദ്യാർഥികൾക്ക് തങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് മനസ്സ് തുറക്കാൻ കഴിഞ്ഞാൽ തന്നെ അവരുടെ പകുതി പ്രശ്നം പരിഹരിക്കപ്പെടും എന്നതാണ് സത്യം.സമപ്രായക്കാരുടെ ഉപദേശങ്ങൾ തെറ്റായ വഴിയിലേക്ക് പോകാനേ ഉതകൂ.

വല്ലപ്പോഴും ഒരിക്കൽ നടത്തുന്ന ബോധവൽക്കരണ ക്ലാസുകൾ കൊണ്ടോ സെമിനാറുകൾ കൊണ്ടോ ലഹരിയെ നമുക്ക് ഇല്ലാതാക്കാൻ കഴിയില്ല. ലഹരിയുടെ ലോകത്തെ ബന്ധങ്ങളുടെ ശൃംഖല വളരെ വലിയതാണ്.ഞാൻ ഉപയോഗിക്കുന്നില്ല എന്നതുകൊണ്ട് എന്നെ ബാധിക്കുന്നില്ല എന്നുള്ള ചിന്ത നാം വെടിയണം.വളരെ വിശാലമായ ലോകത്താണ് ഇന്നത്തെ തലമുറ വളരുന്നതെന്നോർക്കണം. ലഹരി വിമുക്തമായ നാട് നമ്മുടെ സ്വപ്നമാണ്. ലഹരിക്കെതിരെ പോരാടേണ്ടത് ഓരോ പൗരന്റെയും കടമയാണെന്ന് ഓർക്കുക. നല്ലൊരു നാളെക്കായി ലഹരിക്കെതിരെ, സാമൂഹ്യ തിന്മകൾക്കെതിരെ നമുക്ക് ഒരുമിച്ചു പൊരുതാം.





# ഉറുമ്പിനെ നോക്കി ബുദ്ധി പഠിക്കാം



ജോബി നിലമ്പൂർ

നിങ്ങൾ എപ്പോഴെങ്കിലും ഒരു ഉറുമ്പിനെ നിരീക്ഷിച്ചിട്ടുണ്ടോ? വലിപ്പത്തിൽ ചെറുതാണെങ്കിലും അവയുടെ ജീവിതശൈലി അതിശയകരവും നമുക്ക് മനസിലാക്കാൻ കഴിയുന്ന നിരവധി പ്രത്യേകതകൾ നിറഞ്ഞതുമാണ്.അതുകൊണ്ട് ഉറുമ്പുകളിൽ നിന്ന് പാഠം ഉൾക്കൊണ്ട്, അവയുടെ വഴികളിൽ നിന്ന് പഠിച്ച് , ജ്ഞാനികളായിത്തീരുക എന്നു ബൈബിൾ പറയുന്നത് (സദൃശവാക്യം 6:6). അവയുടെ ചില സവിശേഷതകളിലേക്ക് നമുക്ക് നോക്കാം.

1. ഉറുമ്പുകൾ കഠിനാധ്വാനികളാണ്.

ഒരു ഉറുമ്പ് വെറുതെ ഇരിക്കുന്നത് നിങ്ങൾ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ? ഒരുപക്ഷേ ഇല്ല. എന്തുകൊണ്ട്? കാരണം: അത് അവരുടെ സ്വഭാവത്തിന്റെ ഭാഗമല്ല. അവർ കഠിനാധ്വാനം ചെയ്യുന്നു. ഭൂമിയിൽ വിജയകരമായ ജീവിതം നയിക്കാൻ ഈ ഗുണം നമ്മുടെ ജീവിതത്തിൽ ഏറ്റവും പ്രധാനമാണ് . ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നത് പ്രവർത്തിക്കാനാണ്. അതിലൂടെ നാം വളരണമെന്ന് അവൻ ആഗ്രഹിക്കുന്നു. കഠിനാധ്വാനികളായ ആളുകളിൽ ദൈവത്തിന് കൂടുതൽ വിശ്വാസമുണ്ട്. ദൈവജനത്തിന്റെ ചരിത്രത്തിൽ, ഈ സ്വഭാവ സവിശേഷതകളുള്ള ആളുകളെ ദൈവം തിരഞ്ഞെടുക്കുകയും അവർക്ക് വലിയ ഉത്തരവാദിത്തങ്ങൾ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട് എന്നത് ശ്രദ്ധിക്കേണ്ടതാണ്. ദൈവം നമ്മുടെ ഓരോ പ്രയത്നത്തെയും വിലമതിക്കുകയും മഹത്തായ പ്രതിഫലം നൽകുകയും ചെയ്യുന്നു.

2. ഉറുമ്പുകൾ ഒരിക്കലും പിന്തിരിയുകയില്ല.

നാം അവരുടെ വഴി തടയാൻ ശ്രമിച്ചാൽ, അവർ മുകളിലേക്കും താഴേക്കും വശങ്ങളിലേക്കും പോകും, ??പക്ഷേ അവർ ഒരിക്കലും മുന്നോട്ട് പോകുന്നത് നിർത്തില്ല. പ്രതിബന്ധങ്ങളെ അതിജീവിക്കാൻ ഒരു വഴി കണ്ടെത്തുന്നതുവരെ അവർ അതിനെ മറികടക്കാൻ ശ്രമിക്കുന്നു. അതുകൊണ്ട് എന്തുതന്നെയായാലും അവയെ തടയാൻ കഴിയില്ല. അതെ, അവ ഓരോ സാഹചര്യത്തിലും നിലനിൽക്കുന്നു. ഒരു പഴഞ്ചൊല്ല് പറയുന്നതുപോലെ, വിജയികൾ ഒരിക്കലും പിന്തിരിയില്ല , പിന്തിരിയുന്നവർ ഒരിക്കലും വിജയിക്കാറുമില്ല. ദൈവജനം നിരവധി വെല്ലുവിളികൾ അഭിമുഖീകരിച്ചിട്ടുണ്ട്, അവർ വളരെ ക്ഷീണിതരും ആശങ്കാകുലരും ആയിത്തീർന്നു, എന്നാൽ ഒരിക്കലും അത്തരം സാഹചര്യങ്ങളിൽ അവർ പിന്മാറിയില്ല. ഓടിപ്പോകുന്നതിനുപകരം, ദൈവത്തിൽ ആശ്രയിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ജീവിതത്തിലെ വെല്ലുവിളികൾ തരണം ചെയ്യാൻ ദൈവം അവരെ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നമുക്ക് ജീവിതത്തിലെ കൊടുങ്കാറ്റുകളെ അഭിമുഖീകരിച്ച് ധൈര്യത്തോടെ മുന്നോട്ട് പോകാം, കാരണം ദൈവം നമ്മോടൊപ്പമുണ്ട്.

3. ഉറുമ്പുകൾ ദീർഘവീക്ഷണമുള്ളവയാണ്.

ശീതകാലം അടുത്തെത്തുമ്പോൾ മാത്രം അവർ ചിന്തിക്കുന്നില്ല.അവർ വേനൽ കാലത്തുതന്നെ തയ്യാറെടുക്കുന്നു.അതുകൊണ്ടാണ് വേനൽക്കാലം മുഴുവൻ അവർ തിരക്കിലായിരിക്കുന്നത്. വെറുതെയിരിക്കുന്ന ഉറുമ്പിനെ ചത്തതല്ലാതെ നിങ്ങൾ ഒരിക്കലും കാണുകയില്ല. നമ്മുടെ ദൈവം ദീർഘവീക്ഷണമുള്ളവനാണ്, അതിനനുസരിച്ച് എല്ലാം ചെയ്യുന്നു. അവന്റെ പുത്രനായ യേശുക്രിസ്തു മുഖേനയുള്ള നമ്മുടെ ദൈവത്തിന്റെ വീണ്ടെടുപ്പ് പദ്ധതിയെക്കുറിച്ച് ചിന്തിക്കുക, അത് മുൻകൂട്ടി വിഭാവനം ചെയ്ത ഒരു പദ്ധതിയാണ് , അത് നമ്മിൽ പുതു ജീവൻ നൽകി. അതേ സ്വഭാവം നമുക്കും ഉണ്ടായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ദൈവത്തിനായി മഹത്തായ കാര്യങ്ങൾ നിറവേറ്റുന്നതിനായി ലോകത്തിൽ നമുക്ക് നൽകിയിരിക്കുന്ന ഒരു വലിയ നിയോഗമാണിത് ഈ ജീവിതം.നമ്മുടെ വിലയേറിയ സമയം നാം ദീർഘവീഷണത്തോടെ ഉപയോഗിക്കണം.

4. ഉറുമ്പുകൾക്ക് വലിയ ഉത്തരവാദിത്തങ്ങൾ വഹിക്കാൻ കഴിയും.

ചെറിയ ഉറുമ്പിൽ നിന്ന് നമുക്ക് പഠിക്കാൻ കഴിയുന്ന മറ്റൊരു പാഠമാണിത്. ചെറുതാണെങ്കിലും അവയുടെ പ്രവൃത്തി വലുതാണ്. അവർക്ക് അവരുടെ ശരീരഭാരത്തിന്റെ നൂറിരട്ടി ഭാരം വരെ കൈകാര്യം ചെയ്യാൻ കഴിയും! അതെ, അവർക്ക് വലിയ ഉത്തരവാദിത്തങ്ങൾ വഹിക്കാൻ കഴിയും. നമ്മളും അതുപോലെ ആയിരിക്കണം, ഉത്തരവാദിത്തമുള്ള പെരുമാറ്റം കുട്ടിക്കാലം മുതൽ തന്നെ വളർ

▶14 -ാം പേജിൽ തുടരും...

# HE WAITED AT MY DOOR

***POEM***



**ALICE M M MATHEW**

He knocked at my door,
For me to let him in.
I did shut him out,
For my house was a dustbin.
He waited at my door,
Refusing to go away.
Said I, "leave me alone".
To do the things my own way.
He waited at my door;
He repeated, " Do let me come in".
To sit with you and dine.
Replied I, " Come  when my house is clean".

He waited at my door,
Relentlessly through the day.
I tried to clean my house.
But got myself all disarray.

He waited at my door.
My patience wearing out.
I offered him many things but he did not turn about.!

He continued to wait at my door.
When at last, I did relent,
He walked right into my house!


And how my heart did repent!
As he walked into my house,
I saw His richly attire.

For surely, He must be a King!
And I wanted hide my entire!

When He came into my house,
My house, a mansion was formed!

For where the KING must live,
the place will be transformed.


**(Based on Rev 3:20 fulfilled in my life.)**






## വഴി കാണിച്ചുകൊടുക്കാമോ...

കൂട്ടുകാരെ....കുഞ്ഞൻ പൂമ്പാറ്റയെ പൂക്കളുടെ അടുത്തെത്താൻ വഴി കാണിച്ചുകൊടുക്കാൻ സഹായിക്കാമോ?





കവിത

സുചിത്ര എസ്.

## കുഞ്ഞാടുകൾ

കുഞ്ഞാടുകൾ ഞങ്ങൾ കുഞ്ഞാടുകൾ
യേശുവിന്നോമന കുഞ്ഞാടുകൾ
ശ്രീയേശുനാഥന്റെ സ്വരമൊന്നു കേട്ടാൽ
ഓടിയടുക്കുന്ന കുഞ്ഞാടുകൾ

കുഞ്ഞാടുകൾ ഞങ്ങൾ കുഞ്ഞാടുകൾ
യേശുവിന്നോമന കുഞ്ഞാടുകൾ

പാപങ്ങളാൽ മനം തേങ്ങുന്നനേരത്ത്
സാന്ത്വനമായ് വരും നല്ലിടയൻ
കരുണയുള്ള നല്ലിടയൻ
സ്നേഹമോടെന്നെ വാരിപ്പുണരും

കുഞ്ഞാടുകൾ ഞങ്ങൾ കുഞ്ഞാടുകൾ
യേശുവിന്നോമന കുഞ്ഞാടുകൾ

## അടിക്കുറിപ്പ് എഴുതൂ സമ്മാനം നേടൂ....



ഈ ചിത്രത്തിന് അനുയോജ്യമായ അടിക്കുറിപ്പ് എഴുതി താഴെ കാണുന്ന വാട്ട്സ് ആപ് നമ്പറിലേക്കു അയക്കുക.

9744325604

## നിങ്ങൾക്കും എഴുതാം!



എക്സൽ സ്നേഹിതൻ മാസികയിൽ നിങ്ങൾക്കും എഴുതാൻ അവസരം. ലേഖനങ്ങൾ, ചെറുകഥകൾ, അനുഭവ സാക്ഷ്യങ്ങൾ, ഭാവനകൾ, കാർട്ടൂണുകൾ തുടങ്ങിയ സാഹിത്യ രചനകൾ താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ അയച്ചു തരിക.

9744325604, 9495834994

5-ാം പേജിലെ തുടർച്ച...

## പീഢനങ്ങൾ അരങ്ങു തകർക്കുമ്പോൾ

യുവജന ക്യാമ്പ്, കുട്ടികൾക്ക് വേണ്ടിയുള്ള ക്യാമ്പുകളും തുടങ്ങിയവ കുറേക്കൂടി പ്രായോഗിക പാഠങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം.

ഉദാഹരണത്തിന്, പീഢനങ്ങൾ തടയാൻ എന്തു ചെയ്യണം, സ്വന്തം ലൈംഗികത എങ്ങനെ സൂക്ഷിക്കണം, വിവാഹത്തിനു വേണ്ടിയുള്ള തയ്യാറെടുപ്പുകൾ, തുടങ്ങിയ വിഷയങ്ങൾ ഇതിൽ ഉൾപ്പെടുത്താം

* സൺഡേ സ്കൂൾ സിലബസ്സുകളിൽ ഇത്തരം പ്രായോഗിക വിഷയങ്ങൾ ഉൾപ്പെടുത്തണം.

* കൗൺസിലിങ്ങിൽ പരിശീലനം സിദ്ധിച്ചവരെ സഭകളിൽ കൂടുതൽ സമഗ്രമായി ഉപയോഗിക്കണം.

കുട്ടികൾക്ക് പ്രയോജനം ചെയ്യുന്ന ഇത്തരം വിഷയങ്ങളെ സംബന്ധിച്ചുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ ഉത്സാഹിപ്പിക്കണം.

നാം ഒറ്റക്കെട്ടായി പ്രവർത്തിക്കുമെങ്കിൽ ഇത്തരം പ്രതിസന്ധികളെ തരണം ചെയ്യാൻ നമ്മുടെ കുട്ടികൾ ശക്തരാകും.

**കുട്ടികൾ ശ്രദ്ധിക്കാൻ**

കഴിവതും എല്ലാവരോടും നിശ്ചിത അകലം പാലിക്കുക.

* അനാവശ്യമായി മറ്റൊരാൾ എന്റെ ശരീരത്തിൽ സ്പർശിക്കുന്നത് നല്ലതല്ല എന്ന് തിരിച്ചറിയുക.

* എന്റെ ശരീരം ദൈവത്തിന്റെ മന്ദിരം ആണ് യേശു എന്നിൽ വസിക്കുന്നു അതിനാൽ ഞാൻ എന്റെ ശരീരത്തെ ശുദ്ധിയോടെ സൂക്ഷിക്കണം.

* സുഹൃത്തുക്കൾ, അടുത്ത ബന്ധുക്കൾ,വീട്ടിൽ സ്ഥിരമായി വരുന്നവർ, അയൽപക്കക്കാർ,ആൺ സുഹൃത്തുക്കൾ എന്നിവരോട് നിശ്ചിത അകലം പാലിക്കുക.

* ആരുടെയെങ്കിലും ഭാഗത്തുനിന്ന് തെറ്റായ ഒരു സമീപനം ഉണ്ടായാൽ അത് മാതാപിതാക്കളെ അറിയിക്കുക. നിങ്ങളുടെ ഏത് പ്രശ്നത്തിലും ഒപ്പം നിൽക്കാൻ മാതാപിതാക്കൾ തയ്യാറാകും എന്നത് ഓർക്കുക.

* ദൈവമാണ് ലൈംഗികത നമുക്ക് തന്നിരിക്കുന്നത്. ഇത് വിവാഹത്തിനു വേണ്ടി മാറ്റി വയ്ക്കേണ്ട ഒന്നാണ്.

* മനസ്സിനും ശരീരത്തിനും ഹാനികരമായ യാതൊന്നിലും ഞാൻ ഇടപെടില്ല എന്ന് ഉറച്ച തീരുമാനം ഉണ്ടാകണം.

* ശരീരത്തിനും മനസ്സിനും ആരോഗ്യകരമല്ലാത്ത എല്ലാ ബന്ധങ്ങളോടും വിട പറയണം.

നല്ലൊരു സമൂഹത്തെ വാർത്തെടുക്കാൻ നാം കൂട്ടായി പ്രയത്നിക്കണം.

നാളത്തെ സഭയും സമൂഹവും ഉള്ളപ്പോൾ കുഞ്ഞുങ്ങൾ ആണ് എന്നതിനാൽ കൂടുതലായി അവർക്കുവേണ്ടി നമുക്കു കരുതാം.

---

12-ാം പേജിലെ തുടർച്ച...

## ഉറുമ്പിനെ നോക്കി ബുദ്ധി പഠിക്കാം....

ത്തിയെടുക്കണം, ഒരു പരിധിവരെ അനുസരണവും സ്വയം പരിശ്രമവും കൂടാതെ അത് ജീവിതത്തിന്റെ ഭാഗമാകില്ല. ഉത്തരവാദിത്തം ഏറ്റെടുക്കുമ്പോൾ, നാം സ്വയം കൂടുതൽ മൂല്യവത്താകുന്നു. എന്നാൽ ഉത്തരവാദിത്തം ഏറ്റെടുക്കാത്ത ആളുകൾ അവരുടെ മാതാപിതാക്കളെയോ അധ്യാപകരെയോ ദൈവത്തെയോ വിധിയെയോ ഭാഗ്യത്തെയോ നക്ഷത്രങ്ങളെയോ കുറ്റപ്പെടുത്തും. അവർ എപ്പോഴും ഭാഗ്യം കൊണ്ട് കാര്യങ്ങൾ സംഭവിക്കാൻ കാത്തിരിക്കും, എന്നാൽ ഒരിക്കലും പരിശ്രമം കൊണ്ട് അത് സാധ്യമാക്കാൻ ശ്രമിക്കില്ല. ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുന്നതിൽ വെല്ലുവിളികളും വലിയ ചുമതലകളും ഉൾപ്പെടുന്നു. അധിക ഉത്തരവാദിത്തം ഏറ്റെടുക്കുമ്പോൾ, അവർ യഥാർത്ഥത്തിൽ തങ്ങളെത്തന്നെ ഓരോ പടികളായി ഉയർത്തുകയാണ് ചെയ്യുന്നത്. ബൈബിൾ ചരിത്രത്തിലെ മഹാന്മാർ, അവരുടെ സുരക്ഷിത മേഖലകളിൽ നിന്ന് മാറി സമൂഹത്തിൽ ഉത്തരവാദിത്തമുള്ള ജീവിതം നയിച്ചു. അവർ ചരിത്രത്തെ പിന്തുടരാതെ ഉത്തരവാദിത്തമുള്ള ജീവിതത്തിലൂടെ ചരിത്രം സൃഷ്ടിച്ചു.

5. ഉറുമ്പുകൾ ലക്ഷ്യബോധമുള്ള ജീവിതം നയിക്കുന്നു.

ഇണകൾക്ക് ഭക്ഷണം തേടുക എന്നതാണ് അവരുടെ ഏക ലക്ഷ്യം. അവർ അതിൽ നിന്ന് വ്യതിചലിക്കുന്നില്ല, വേനൽക്കാലത്ത് അതിനായി പ്രവർത്തിക്കുകയും ശൈത്യകാലത്ത് വിശ്രമിക്കുകയും ചെയ്യുന്നു. അവർക്ക് ജീവിതത്തിന് അർത്ഥം നൽകുന്ന ഒരു ലക്ഷ്യമുണ്ട്. ഒരു വ്യക്തിക്ക് എന്തെങ്കിലും നേടാനുള്ള ആഗ്രഹം ഉണ്ടെങ്കിൽ, ലക്ഷ്യസ്ഥാനം അറിയുന്നു, ആ ദിശയിലേക്ക് നീങ്ങുന്നു, അർപ്പണബോധത്തോടെയും ആവശ്യമായ അച്ചടക്കത്തോടെയും ശ്രദ്ധ കേന്ദ്രീകരിച്ചാൽ, തീർച്ചയായും വിജയം അവനെ പിന്തുടരും. ആളുകൾക്ക് ലക്ഷ്യവും ദിശാബോധവും ഇല്ലെങ്കിൽ, അവർക്ക് അവസരങ്ങൾ കാണാനോ , വിജയിക്കാനോ കഴിയില്ല. അർത്ഥവും ലക്ഷ്യബോധവും ഇല്ലെങ്കിൽ, നിങ്ങൾക്ക് എത്ര പ്രതാപമോ പണമോ വിദ്യാഭ്യാസമോ ഉണ്ടെങ്കിലും ജീവിതം ശൂന്യവും അസന്തുഷ്ടവുമാണ്. വാസ്തവത്തിൽ, ഈ ലോകത്തിൽ നമുക്കെല്ലാവർക്കും ജീവിതത്തിൽ ഒരു ലക്ഷ്യമുണ്ട്. എല്ലാ ദിവസവും നമ്മൾ സ്വയം ചോദിക്കേണ്ടതുണ്ട്: ഞാൻ ഈ ലോകത്ത് ഒരു ലക്ഷ്യത്തോടെയാണോ ജീവിതം നയിക്കുന്നത്? എന്റെ ജീവിത ലക്ഷ്യത്തോട് ഞാൻ കൂടുതൽ അടുക്കുന്നുണ്ടോ? ഒരു ലക്ഷ്യം കണ്ടെത്തുക അല്ലെങ്കിൽ സൃഷ്ടിക്കുക, അത് നമ്മിൽ അഭിനിവേശം കൊണ്ടുവരുന്നു, തുടർന്ന് അത് ആവേശത്തോടെയും, സ്ഥിരോത്സാഹത്തോടെയും പിന്തുടരുക. മഹത്തായ മനസ്സുകൾക്ക് ലക്ഷ്യങ്ങളുണ്ട്, മറ്റുള്ളവർക്ക് ആഗ്രഹങ്ങൾ മാത്രമേയുള്ളൂ. ചിന്തിക്കാനും ലക്ഷ്യബോധമുള്ള ജീവിതം നയിക്കാനുമുള്ള സമയമാണിത്.

ഒരു ഉറുമ്പിന്റെ ജീവിതശൈലി ഒറ്റ വാചകത്തിൽ അവസാനിപ്പിക്കാം -അവർ കഠിനാധ്വാനികളും, ലക്ഷ്യബോധമുള്ള ജീവിതം നയിക്കുന്നവരും, ദീർഘവീക്ഷണമുള്ളവരുമാണ്, അവ ഒരിക്കലും ഉപേക്ഷിക്കുകയോ, പിന്മാറുകയോ ചെയ്യില്ല. ബൈബിൾ പറയുന്നതുപോലെ, നമുക്ക് ഉറുമ്പുകളെ നോക്കി വലിയ പാഠങ്ങൾ പഠിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

# എക്സൽ സ്കൂൾ ഓഫ് ചൈൽഡ് ഇവാഞ്ചലിസം 10–ാമത് ബാച്ച് ആരംഭിച്ചു







**കോഴഞ്ചേരി:** എക്സൽ സ്കൂൾ ഓഫ് ചൈൽഡ് ഇവാൻജലിസം പത്താമത് ബാച്ചിന് തുടക്കം കുറിച്ചു. ESCE രജിസ്ട്രാർ ബ്ലസൻ തോമസിന്റെ അധ്യക്ഷതയിൽ നടന്ന മീറ്റിംഗിൽ ചെയർമാൻ വർക്കി എബ്രഹാം കാച്ചാണത്ത് പ്രാർത്ഥിച്ച് സമർപ്പിച്ചു. വൈസ് ചെയർമാൻ പാസ്റ്റർ.ജിജി ചാക്കോ മുഖ്യ സന്ദേശം നൽകി. ഓരോരുത്തരും അവരവരെക്കുറിച്ചുള്ള ദൈവിക പദ്ധതി തിരിച്ചറിഞ്ഞ് കർമ്മനിരതരാകണമെന്ന സന്ദേശം പാസ്റ്റർ ജിജി നൽകി.എക്സൽ മിനിസ്റ്റ്ട്രീസ് ഡയറക്ടർ പാസ്റ്റർ ബിനു ജോസഫ്, ESCE പ്രിൻസിപ്പാൾ പാസ്റ്റർ. ഷിബു കെ.ജോൺ എന്നിവർ ലഘു സന്ദേശം നൽകി. ബെൻസൺ വർഗീസ്,ബ്ലസൻ പി. ജോൺ, കിരൺകുമാർ, ഗ്ലാഡ്സൺ ജെയിംസ്, സ്റ്റാൻലി എബ്രഹാം, ജോബി കെ.സി,മാത്യു വർഗീസ്, ഡെന്നി ജോൺ,പ്രീതി ബിനു എന്നിവർ ആശംസകൾ അറിയിച്ചു.

# ലഹരി വിരുദ്ധ ബോധവത്കരണ റാലി നടത്തി












ലോക ലഹരിവിരുദ്ധദിനത്തോടനുബന്ധിച്ച് ക്രൈസ്തവ എഴുത്ത്പുരയും എക്സൽ സോഷ്യൽ അവയർനസ് മീഡിയയുമായി ചേർന്ന് തിരുവല്ലയുടെ വിവിധയിടങ്ങളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ റാലി നടത്തി. തിരുവല്ല,പായിപ്പാട്, മല്ലപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിലാണ് പരിപാടികൾ നടത്തിയത്. പാട്ട്, നാടകം,മാജിക് തുടങ്ങിയ വ്യത്യസ്ത മാധ്യമങ്ങളിലൂടെയായിരുന്നു ലഹരി വിരുദ്ധ സന്ദേശം നൽകിയത്. ക്രൈസ്തവ എഴുത്തുപുര ജനറൽ പ്രസിഡണ്ട് ആഷേർ മാത്യു പരിപാടി ഉദ്ഘാടനം ചെയ്തു. കേരള ചാപ്റ്റർ പ്രസിഡണ്ട് ഡോ:ബെൻസി ജി. ബാബു, വൈസ് പ്രസിഡണ്ട് ഡോ:പീറ്റർ ജോയ് എന്നിവർ നേതൃത്വം നൽകി. എക്സൽ സോഷ്യൽ അവയർനസ് മീഡിയയുടെ നേതൃത്വത്തിൽ ടീമംഗങ്ങളായ ജോബി കെ. സി,ഡെന്നി ജോൺ, സ്റ്റെഫിൻ പി. രാജേഷ്, സ്റ്റാൻലി എബ്രഹാം, കിരൺകുമാർ, ജെയിംസ് വില്യംസ്,സാംസൺ അലക്സ് മനീഷ് എന്നിവർ വ്യത്യസ്ത പരിപാടികൾ അവതരിപ്പിച്ചു.

1987 മുതലാണ് ജൂൺ 26 ലോക ലഹരി വിരുദ്ധ ദിനമായി ആചരിച്ചു വരുന്നത്. സമൂഹത്തെ കാർന്ന് തിന്നുന്ന ലഹരി എന്ന മാരകവിപത്തിനെ ഉന്മൂലനം ചെയ്യാൻ ലോകമെമ്പാടും ആളുകളെ ബോധവാന്മാരാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഐക്യരാഷ്ട്ര സംഘടന ജൂൺ 26 ലഹരി വിരുദ്ധ ദിനമായി ആചരിച്ചു വരുന്നത്.

## EXCEL SCHOOL OF CHILD EVANGELISM




To fullfil your DREAM for Mission & Earn a Diploma at one go.

Diploma in Child Evangelism (DCE)
Certificate in Child Evangelism (CCE)

**Medium of Instruction:**
English | Malayalam | Hindi | Kannada

**To Equip Children's Ministers to lead the younger ones to Christ**

**ADMISSION OPEN 2022-23**

### Admission Started for

- One year Diploma Course in Child Evangelism (Internal Program)
- Six Month Certificate Course in Child Evangelism (Extension Program)

### Salient features

- Spiritual atmosphere
- Day Scholars allowed
- Magic & Puppetry
- Crafts & Songs
- IATA accredited Certificate
- Practical Sessions
- Experienced Faculty

CLICK HERE

**More info** +91 94473 83899 +91 79072 35802, excelsce@gmail.com www.excelministries.org